# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം.1264 — 04.02.2019 -ൽ മറുപടിയ്ക്ക്

## പാഠ്യപദ്ധതി പരിഷ്കരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഇ.എസ്.ബിജിമോൾ<br>ശ്രീ.ജി.എസ്.ജയലാൽ<br>ശ്രീ.മുഹമ്മദ് മുഹസിൻ പി.<br>ശ്രീ. വി.ആർ. സുനിൽകുമാർ | | പ്രൊഫ : സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി) | |
| എ) | സംസ്ഥാനത്തെ സ്കൂൾ പാഠ്യപദ്ധതിയും പാഠപുസ്തകങ്ങളും സമഗ്രമായി പരിഷ്കരിക്കുന്നത് ആലോചിക്കുന്നുണ്ടോ; | എ) | ഉണ്ട് |
| ബി) | പാഠ്യപദ്ധതിയിൽ തൊഴിൽ പഠനം ഉൾപ്പെടുത്തുന്നതിനും ദുരന്ത നിവാരണം സംബന്ധിച്ച അവബോധം വളർത്തുന്നതിനും ഉതകുന്ന തരത്തിലുള്ള പാഠഭാഗങ്ങൾ ഉൾപ്പെടുത്തുമോ: | ബി) | ദേശീയ തൊഴിൽ നൈപുണി ചട്ടക്കൂട് (എൻ.എസ്.ക്യൂ.എഫ്) സംസ്ഥാനത്ത് നടപ്പിലാക്കു ന്നതിന്റെ ഭാഗമായി തൊഴിൽ പരിശീലനം വ്യാപകമാക്കാൻ കഴിയും. 2018 ലെ പ്രളയത്തിന്റെ പശ്ചാത്തലത്തിൽ ദുരന്ത നിവാരണവുമായി ബന്ധപ്പെട്ട ആശയങ്ങൾ വിദ്യാർത്ഥികളിലും അദ്ധ്യാപകരിലും എത്തിക്കാനുള്ള നടപടികൾ സ്വീകരിച്ചിരുന്നു. കൂടാതെ സമഗ്രമായ പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായി ദുരന്ത നിവാരണവുമായി ബന്ധപ്പെട്ട ആശയങ്ങൾ എല്ലാ വിദ്യാർത്ഥികളിലും എത്തിക്കുന്നതാണ്. |
| സി) | വിവരസാങ്കേതിക വിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി പാഠപുസ്തകങ്ങളുടെ ഉള്ളടക്കത്തിലും പഠന പ്രവർത്തനങ്ങളിലും എന്തൊക്കെ മാറ്റങ്ങളാണ് വരുത്തുന്നതെന്ന് വ്യക്തമാക്കുമോ; | സി) | സ്കൂളുകളിൽ സാങ്കേതിക വിദ്യയുടെ സാധ്യതകൾ ഒരുക്കിയതിന്റെ ഭാഗമായി ഡിജിറ്റൽ പഠന വിഭവങ്ങൾ ആവശ്യമായി വന്നിട്ടുണ്ട്. "കൈറ്റി"ന്റെ സഹകര ണത്തോടെ എസ്.സി.ഇ.ആർ.ടി. ഇതിനു വേണ്ട ക്രമീകരണങ്ങൾ ചെയ്തുവരുന്നു. 'സമഗ്ര' വിദ്യാഭ്യാസ പോർട്ടലിൽ ഡിജിറ്റൽ വിഭവങ്ങളും അവ ഉപയോഗിക്കാൻ അവസരം നൽകുന്ന പാഠാസൂത്രണങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ എൻ.സി.ടി.ഇ.യുടെ സഹകരണത്തോടെ 'ദീക്ഷ' പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു. 'എനർജൈസിംഗ് ടെക്സ്റ്റ് ബുക്ക്' എന്ന പേരിൽ പാഠപുസ്തകത്തിൽ ക്യൂ.ആർ.കോഡുകൾ ഉൾച്ചേർക്കാനുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ട്. |
| ഡി) | ജനാധിപത്യ മതേതര മൂല്യങ്ങൾ പാഠപുസ്തകങ്ങളിലൂടെ പകർന്നു നല്കുന്നതിനുള്ള ശ്രമങ്ങൾ നടത്തുമോ; വ്യക്തമാക്കുമോ? | ഡി) | ഇത്തരം മൂല്യങ്ങൾ ഇതിനകംതന്നെ പാഠ്യ പദ്ധതിയിലുണ്ട്. പാഠ്യപദ്ധതി പരിഷ്കരിക്കുന്ന വേളയിൽ ജനാധിപത്യം, മതേതരത്വം തുടങ്ങിയ ഭരണഘടനാ മൂല്യങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകി പാഠപുസ്തകങ്ങൾ പരിഷ്കരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ